**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 765** **14-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വകുപ്പിന് കീഴിൽ നിർമ്മിച്ച വീട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനിൽ അക്കര** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വകുപ്പിന് കീഴിൽ എത്ര വീടുകളാണ് അനുവദിച്ചത്; അതിൽ എത്രയെണ്ണത്തിന്റെ പണി പൂർത്തിയായി; വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 23971 വീട്ടുകൾ വകുപ്പ് മുഖേന അനുവദിച്ചു. ഇതിൽ 170 വീട്ടുകൾ 2018 വർഷം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായവയായിരുന്നു. ഇതിൽ 19931 വീട്ടുകൾ പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത വീട്ടുകളുടെ നിർമ്മാണത്തിനായി എന്ത് തുകയാണ് വകുപ്പ് ചെലവഴിച്ചത്; ഈ പദ്ധതിക്കായി കേന്ദ്ര സഹായം ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | പ്രസ്തുത വീട്ടുകളുടെ നിർമ്മാണത്തിനായി 673,33,43,000/- രൂപ വകുപ്പ് ചെലവഴിച്ചു. ഈ പദ്ധതിയ്ക്കായി കേന്ദ്ര സഹായം ഉൾപ്പെട്ടിട്ടില്ല. |
| (സി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ വകുപ്പ് സ്വന്തമായി എത്ര ഭവനങ്ങളാണ് നിർമ്മിച്ച് നൽകിയതെന്ന് അറിയിക്കാമോ; | (സി) | വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം 2016-17 വർഷം അനുവദിച്ച 14906 വീട്ടുകളിൽ 12338 വീട്ടുകളും 2017-18 വർഷം അനുവദിച്ച 8895 വീട്ടുകളിൽ 7470 വീട്ടുകളും പ്രളയത്തിൽ തകർന്ന വീട്ടുകളുടെ പുനർനിർമ്മാണ പദ്ധതി പ്രകാരം അനുവദിച്ച 170 വീട്ടുകളിൽ 123 വീട്ടുകളും ഉൾപ്പെടെ ആകെ 19931 വീട്ടുകൾ പൂർത്തീകരിച്ചു. ഇതിനു പുറമേ 2007-08 മുതൽ 2015-16 വരെ അനുവദിച്ചതിൽ പണി പൂർത്തീകരിക്കാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിച്ച 16363 വീട്ടുകളിൽ 10144 വീട്ടുകളും വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | മുൻ സർക്കാരിന്റെ കാലയളവിൽ 2011 മുതൽ 2016 വരെ പട്ടികജാതി വകുപ്പിന്റെ കീഴിൽ എത്ര വീട്ടുകൾ അനുവദിച്ചുവെന്നും അതിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ? | (ഡി) | മുൻ സർക്കാരിന്റെ കാലയളവിൽ 2011-12 മുതൽ 2015-16 വരെ അനുവദിച്ച 24887 വീട്ടുകളിൽ 13884 വീട്ടുകൾ പ്രസ്തുത കാലയളവിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. 2007-08 മുതൽ 2010-11 വർഷം വരെ അനുവദിച്ചതിൽ പൂർത്തിയാകാതെ അവശേഷിച്ച 13823 വീട്ടുകളിൽ 8463 എണ്ണം മേൽ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ